**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 88** **09-10-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ വനവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ജെ. ജോസഫ്, ശ്രീ. മോൻസ് ജോസഫ്, ശ്രീ. അനൂപ് ജേക്കബ് , ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | വനമേഖലയ്ക്ക് പുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുക എന്നതാണ് സാമൂഹ്യവനവൽക്കരണ വിഭാഗത്തിന്റെ മുഖ്യ ലക്ഷ്യം.<br><br>ഇതിന്റെ ഭാഗമായി വൃക്ഷസമൃദ്ധി, നഗരവനം, ഫോറസ്ട്രി ക്ലബ്, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, കണ്ടൽ സംരക്ഷണ പ്രവർത്തനങ്ങൾ, കാവുകൾക്കുള്ള ധനസഹായം, പരിഹാര വനവത്കരണം, വൃക്ഷം വളർത്തൽ പ്രോത്സാഹന ധനസഹായം, കടലാമ സംരക്ഷണം, വനമിത്ര അവാർഡ്, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, പത്രപ്രവർത്തകർ എന്നിവരിൽ പരിസ്ഥിതി പ്രവർത്തനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി പ്രകൃതി പഠന ക്യാമ്പ് സംഘടിപ്പിക്കൽ, വഴിയോരത്തണൽ പദ്ധതി, ജൈവ വൈവിധ്യ സർവ്വെ തുടങ്ങിയ പദ്ധതികൾ/ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>വിദ്യാവനം, നഗരവനം, സ്കൂൾ നഴ്സറി യോജന, ജൈവ വൈവിധ്യ പാർക്ക്, ബട്ടർഫ്ളൈ ഗാർഡൻ എന്നിവ നൂതന സംരംഭങ്ങളാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതിയ ഫോറസ്ട്രി ക്ലബ്ബുകൾ ആരംഭിക്കുന്നതിനും, നിലവിലുള്ളവ പുനരുജ്ജീവിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ പദ്ധതികൾക്കും പൊതുജനങ്ങൾക്കും വർഷം മുഴുവൻ വൃക്ഷത്തൈകളുടെ ലഭ്യത ഉറപ്പാക്കുവാനായി വിവിധ ജില്ലകളിൽ ജില്ലാ പെർമനന്റ് നഴ്സറി സ്ഥാപിച്ചിട്ടുണ്ട്. ദേശീയ പാത ഉൾപ്പെടെയുള്ള വിവിധ റോഡുകളുടെ വികസനപദ്ധതികളുടെയും മറ്റ് വികസന പ്രവർത്തനങ്ങളുടെയും ഭാഗമായി മുറിച്ചുമാറ്റുന്ന മരങ്ങൾക്ക് പകരമായി പത്ത് മടങ്ങ് മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പരിഹാര വനവത്കരണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. വനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവൽക്കരണത്തിനായി വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി സ്കൂൾ-കോളേജ് കുട്ടികൾകായി മത്സരങ്ങൾ സംഘടിപ്പിച്ച് വിജയികൾക്ക് സമ്മാനം നൽകിവരുന്നു.<br><br>വനേതര പ്രദേശത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വനം വകുപ്പിന്റെ സാമൂഹ്യവനവത്കരണ വിഭാഗം വിവിധ ഇനം തദ്ദേശ വൃക്ഷത്തൈകളും, ഫലവൃക്ഷത്തൈകളും, ഔഷധ സസ്യങ്ങളും ഉത്പാദിപ്പിക്കുകയും ആയത് ജൂൺ 5 പരിസ്ഥിതി ദിനം മുതൽ ജൂലൈ 7 വനമഹോത്സവം വരെയുള്ള കാലയളവിൽ, കഴിഞ്ഞ മൂന്നു വർഷമായി വൃക്ഷത്തൈ നട്ടു പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തി, സർക്കാർ സ്ഥാപനങ്ങൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും,സർക്കാരിതര സംഘടനകൾക്കും സൗജന്യമായി വിതരണം ചെയ്തുവരുന്നു.<br><br>സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കുള്ള പ്രകൃതി പഠന ക്യാമ്പുകൾ, സെമിനാറുകൾ, റാലികൾ, എക്സിബിഷനുകൾ എന്നിവയും സാമൂഹ്യവനവൽക്കരണ വിഭാഗം കാലങ്ങളായി നടത്തി വരുന്നുണ്ട്. ഡിസ്ട്രിക്റ്റ് ഫോറസ്റ്റ് എക്സ്റ്റൻഷൻ & ഇൻഫർമേഷൻ സെന്റർ (DFEIC) മുഖേന വനം വകുപ്പിന്റെ സേവനങ്ങളും പ്രവർത്തനങ്ങളും പൊതുജനങ്ങളിലെത്തിക്കുന്നതിന് ഈ വിഭാഗം പ്രാമുഖ്യം നൽകിവരുന്നു.<br><br>ജൈവ വൈവിധ്യ പാർക്ക്, ബട്ടർഫ്ളൈ ഗാർഡൻ, സ്കൂൾ/കോളേജുകളിൽ ഔഷധ തോട്ടം നിർമ്മിക്കുക, അർബൻ ഫോറസ്ട്രി, അവന്യൂ പ്ലാന്റിംഗ് മുതലായ നൂതന പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി ചന്ദന മരങ്ങൾ നട്ടുവളർത്താൻ അനുമതി ലഭ്യമാക്കുമോ; | (ബി) | സ്വകാര്യ വ്യക്തികൾക്ക് ചന്ദന മരങ്ങൾ നട്ടുവളർത്തുന്നതിന് വനം വകുപ്പിന്റെ പ്രത്യേക അനുമതി ആവശ്യമില്ല. പരിസ്ഥിതി ദിനത്തിന്റെയും വനമഹോത്സവത്തിന്റെയും ഭാഗമായി പൊതുജനങ്ങൾക്ക് ചന്ദനത്തൈകൾ ലഭ്യതക്കനുസരിച്ച് സൗജന്യമായി വിതരണം ചെയ്തുവരുന്നുണ്ട്. കൂടാതെ സാമൂഹ്യ വനവത്കരണ വിഭാഗം നടപ്പിലാക്കിവരുന്ന സ്വകാര്യ ഭൂമിയിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന പദ്ധതി വഴി ധനസഹായം നൽകിവരുന്ന പത്തിനം തൈകളിൽ ചന്ദനത്തൈയും ഉൾപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സ്കൂൾ കുട്ടികൾക്ക് വർഷംതോറും വിതരണം ചെയ്യുന്ന പാഴ്മരങ്ങളുടെ തൈകൾക്ക് പകരം ഫലവൃക്ഷത്തൈകൾ നൽകാൻ സാധിക്കുമോ; വിശദമാക്കാമോ; | (സി) | സ്കൂൾ നഴ്സറി യോജന പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഫലവൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നുണ്ട്. കൂടാതെ നിലവിൽ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഫലവൃക്ഷത്തൈകൾ ലഭ്യതക്കനുസരിച്ച് സൗജന്യമായി വിതരണം ചെയ്തുവരുന്നു. |
| (ഡി) | വനംവകുപ്പിന്റെ കീഴിലുള്ള പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളിൽ ഫലവൃക്ഷത്തൈകൾ നട്ടുവളർത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | പരിസ്ഥിതി പുന:സ്ഥാപനത്തിന്റെ ഭാഗമായി 2021 – ലെ സ്വാഭാവിക വന പുന:സ്ഥാപന നയ പ്രകാരം വനംവകുപ്പിന് കീഴിലുള്ള പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളുടെ Site specific plan തയ്യാറാക്കി ആയവയിൽ അന്യം നിന്നുപോയ വൃക്ഷങ്ങൾ ഉൾപ്പെടെയുള്ള തദ്ദേശീയ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് ആവാസ വ്യവസ്ഥ പുന:സ്ഥാപിക്കുന്നതിനുള്ള നടപടി ആയവ തിരിച്ചെടുക്കുന്ന മുറയ്ക്ക് സ്വീകരിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ